# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1548** — **01.11.2019 ൽ മറുപടിയ്ക്ക്**

**ജൈവകൃഷി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും അനുവർത്തിച്ചുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**<br>15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനു 75000 രൂപയാണ് ധനസഹായമായി നൽകുന്നുണ്ട്.<br>**2. ഇക്കോഷോപ്പുകൾ**<br>ഉല്പന്നങ്ങൾ ശേഖരിച്ച് കേരള ഓർഗാനിക് എന്ന ലേബലിൽ ഇക്കോഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നു. 241 ഇക്കോഷോപ്പുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്.<br>**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**<br>ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>**4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**<br>കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപ ചെലവഴിച്ചു. |

**5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്**

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകി വരുന്നു.

**6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം - പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും, കൃഷി വകുപ്പിന്റെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

**7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ**

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടിയും കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനായും 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ച് വരുന്നു.

**8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്**

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

**9. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനത്തിനായി 3 വർഷം തുടർച്ചയായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

| | | | |
|---|---|---|---|
| ബി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഇക്കോ-ഷോപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്, |
| സി) | പുതിയ ഇക്കോ-ഷോപ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ? | സി) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ കൂടി ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. |

Manoj P

**സെക്ഷൻ ഓഫീസർ**